നമ്പർ: ജി(1)52518/06

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, 4/4/2009

## സർക്കുലർ നമ്പർ: 13/09

വിഷയം: സഹകരണ വകുപ്പ് - കേരള നിയമസഭ - ഹർജികൾ സംബന്ധിച്ച സമിതി (2006-08) സമിതിയുടെ 8-ാമത് റിപ്പോർട്ടിൻ മേൽ തുടർ നടപടികൾ സംബന്ധിച്ച്.

സൂചന: (1) സഹകരണ സംഘം രജിസ്ട്രാറുടെ 36/08 നം.സർക്കുലർ.
(2) സർക്കാരിന്റെ 22/12/08 ലെ 7175/പി.എസ്/08 സഹ:നം കത്ത്.

കേരള നിയമസഭയുടെ ഹർജ്ജികൾ സംബന്ധിച്ച സമിതി റിപ്പോർട്ടിനായി നൽകുന്ന ഹർജ്ജികളിൻമേൽ സത്വരവും സമയബന്ധിതമായും മറുപടി നൽകാൻ ശ്രദ്ധിക്കണമെന്നും ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള വീഴ്ചയും ഉണ്ടാകാതിരിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നും, സൂചന 1 പ്രകാരം നിർദ്ദേശിച്ചിരുന്നു.

ഹർജ്ജികളിൽ മേൽ സമയബന്ധിതമായി റിപ്പോർട്ടു ലഭിച്ചാൽ മാത്രമേ സമിതിക്ക് സുഗമമായി പ്രവർത്തിക്കുവാനും പൊതു ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുവാനും കഴിയുകയുള്ളുവെന്നും, കാലപ്പഴക്കമുള്ള ഹർജ്ജികളിന്മേലുള്ള റിപ്പോർട്ട് സമിതി തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുന്ന തീയതിയ്ക്കു തൊട്ടു മുൻപുള്ള ദിവസങ്ങളിലോ തെളിവെടുപ്പു തീയതി രാവിലെയോ സമിതിക്ക് ലഭ്യമാക്കുന്ന പ്രവണത മൂലം റിപ്പോർട്ടുകൾ യഥാവിധി പരിശോധിക്കുവാനോ പ്രാധാന്യത്തോടെ തെളിവെടുപ്പ് നടത്തുവാനോ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യം സമിതി വളരെ ഗൗരവമായി കാണുന്നുവെന്നും, റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വിവിധ വകുപ്പുകൾ അലംഭാവവും അനാസ്ഥയും കാണിക്കുന്നതായും സമിതി വിലയിരുത്തുകയും ഈ പ്രവണത ഒഴിവാക്കുവാൻ എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകുവാനും, ഇക്കാര്യം 3 മാസത്തിലൊരിക്കൽ അവലോകനം ചെയ്യണമെന്നും, വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുക്കണമെന്നുമുള്ള സമിതിയുടെ നിർദ്ദേശം വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

സമിതിക്ക് പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന ഹർജ്ജികളിൻ മേൽ സമയബന്ധിതമായും നീതിയുക്തമായും റിപ്പോർട്ട് ലഭ്യമാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും, സമിതിക്ക് റിപ്പോർട്ട് നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കർശന നിർദ്ദേശം നൽകുവാനും, ഹർജ്ജിക്കാർ ബന്ധപ്പെട്ട അധികാരികൾക്കും

സ്ഥാപനങ്ങൾക്കും പരാതി സമർപ്പിച്ച് പരിഹാരം കാണാതെയാണ് ഹർജ്ജികൾ സംബന്ധിച്ച സമിതിക്ക് പരാതി സമർപ്പിക്കുന്നത് എന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച്ച വരുത്തിയതായി കണക്കാക്കി ഉചിതമായ നടപടി സ്വീകരിക്കുന്നതിനും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ നടപടി അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു എന്ന അറിയിപ്പു ലഭിക്കുന്നതുവരെ ഇപ്രകാരമുള്ള ഫയലുകൾ നില നിർത്താനാവശ്യമായ നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥൻമാർക്കും നൽകണമെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

അതോടൊപ്പം ഹർജി വിഷയ/വുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പുകൾ കൂടി റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കണമെന്നും, ഹർജിക്കാരുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ കഴിയാത്തതാണെങ്കിൽ അതിനുള്ള വ്യക്തമായ കാരണങ്ങൾ കൂടി റിപ്പോർട്ടിൽ പരാമർശിക്കേണ്ടതാണെന്നും സമിതിയുടെ പരിഗണനയിലുള്ള കാലപ്പഴക്കമുള്ള ഹർജ്ജികളിൽ മേലുള്ള അന്തിമ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ സമിതിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിനും പാലിക്കുന്നതിനും എല്ലാ വകുപ്പ് ഉദ്യോഗസ്ഥന്മാരും യഥാസമയം നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

(ഒപ്പ്)
**കെ.വി സുരേഷ് ബാബു**
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)

പകർപ്പ്:

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറലും, ആഡിറ്റും)
2. എല്ലാ ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ /അസിസ്റ്റന്റ് രജിസ്ട്രാർ/ കൺകറന്റ് ആഡിറ്റർമാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജനറലും, ആഡിറ്റും) (ജോയിന്റ് രജിസ്ട്രാർ മുഖേന)
4. എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും
5. എഡിറ്റർ, സഹകരണവീഥി
6. എഡിറ്റർ, സഹകരണ ജേർണൽ
7. സ്പെയർ
8. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)